നിന്ന് ഇതുവരെ 20.54 ലക്ഷം രൂപ വിദേശസഹായം ലഭിച്ചിട്ടുണ്ട്. സഹായത്തിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

രാജ്യത്തിന്റെ പേര്	*കിട്ടിയ തുക*
യു. എസ്. എ.	17,06,000 രൂപ
പശ്ചിമ ജർമ്മനി	1,14,000 രൂപ
യു. എ. ഇ	2,25,000 രൂപ
ഒമാൻ	9,000 രൂപ
ആകെ	20, 54,000 രൂപ

(ബി & സി) മേൽ ഉത്തരം (എ) യിൽ പറഞ്ഞിട്ടുള്ള രാജ്യങ്ങളിൽ നിന്നും മൈത്രീ പദ്ധതിക്കു വേണ്ടിയുള്ള സഹായ വാഗ്ദാനം നിലവിലുണ്ട്.

മഞ്ചാടി ഹൗസിംഗ് സ്കീമിലെ ഭൂമി നിരപ്പാക്കൽ നടപടി

193 (3070) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ പത്തനംതിട്ട ജില്ലയിൽ, തിരുവല്ല താലൂക്കിലുള്ള മഞ്ചാടി തേർഡ് സ്റ്റേജിലെ ഭൂമി നിരപ്പാക്കുന്നതിനും റോഡും ഓടകളും നിർമ്മിക്കുന്നതിനും ഹ്യൂബേർട് ജോൺ മിരൻഡാ എന്ന ആളിന് കോൺട്രാക്ട് നൽകിയിരുന്നോ ;

(ബി) എന്നാണ് കോൺട്രാക്ട് നൽകിയത്; കോൺട്രാക്ട് പ്രകാരം എന്തെല്ലാം ജോലികളാണ് കോൺട്രാക്ടർ ചെയ്യേണ്ടിയിരുന്നത് ;

(സി) ടെൻഡർ തുകയും അധിക തുകയും കൂടി കോൺട്രാക്ട് തുക എത്രയായിരുന്നു ;

(ഡി) കോൺട്രാക്ടർ മേൽപ്പറഞ്ഞ ജോലി ചെയ്യുന്നതിനിടയിൽ മഞ്ചാടി തേർഡ് സ്റ്റേജിലെ 4, 5, 6 എന്നീ പ്ലോട്ടുകളിൽ നിന്ന് മണ്ണെടുത്ത് കൊണ്ടുപോയി പുറത്തു വിറ്റതായി ബോർഡിലോ ബോർഡിന്റെ ഏതെങ്കിലും ഓഫീസുകളിലോ പരാതി ലഭിച്ചിരുന്നോ ;

(ഇ) ഇതു സംബന്ധിച്ച് ഭവന നിർമ്മാണ വകുപ്പിന്റെ തിരുവല്ലാ എക്സിക്യൂട്ടീവ് എൻജിനീയർ, പത്തനംതിട്ട ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം അന്വേഷണം നടത്തിയിരുന്നോ ;

(എഫ്) അന്വേഷണ പ്രകാരം എത്ര ക്യൂബിക് അടിമണ്ണാണ് എടുത്തു കൊണ്ട് പോയിട്ടുള്ളത്; ആയതിന് എന്തു വില വരും ;

(ജി) മേൽപ്പറഞ്ഞ കോൺട്രാക്ട് പ്രകാരമുള്ള തുക കോൺട്രാക്ടർക്ക് നൽകിയോ ; നൽകിയെങ്കിൽ എന്ന് നൽകി ;

(എച്ച്) കോൺട്രാക്ടർ അനധികൃതമായി എടുത്തുകൊണ്ടുപോയ മണ്ണിന്റെ വില കോൺട്രാക്ടറിൽ നിന്നും തിരികെ ഈടാക്കിയോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ജെ) തുക കോൺട്രാക്ടറിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ, ആയത് മഞ്ചാടി തേർഡ് സ്റ്റേജിലെ ഏതെല്ലാം പ്ലോട്ടുകളിൽ നിന്ന് അനധികൃതമായി മണ്ണെടുത്തതിനാണ് തുക തിരികെ പിടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) 11-12-1995-ൽ ടി കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കുകയുണ്ടായി കോൺട്രാക്ട് പ്രകാരം ഭൂമി നിരപ്പാക്കൽ, താങ്ങുമതിൽ നിർമ്മാണം, റോഡ് നിർമ്മാണം, ഓടകളുടെ നിർമ്മാണം തുടങ്ങിയ ജോലികളാണ് കോൺട്രാക്ടർ ചെയ്യേണ്ടിരുന്നത്.

(സി)

(എ)	1992 ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് തുക അനുസരിച്ചുള്ള ടെൻഡർ തുക	21,34,513 രൂപ
(ബി)	1992 പി. ഡബ്ല്യു. ഡി. ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയിൽ നിന്നും സിമന്റിന്റേയും കമ്പിയുടേയും വില കഴിച്ചുള്ള തുകയ്ക്ക് 62.5% ദർഘാസ് വർദ്ധനവ്	10,65,758 രൂപ
	ടെൻഡർ തുകയും ദർഘാസ് വർദ്ധനവും ഉൾപ്പെടെയുള്ള തുക (എ) + (ബി)	**32,00,271.00 രൂപ**

(ഡി) ബോർഡിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ചില അവധി ദിവസങ്ങളിൽ സൈറ്റിൽ നിന്നും കോൺട്രാക്ടർ അനധികൃതമായി മണ്ണ് പുറത്തേയ്ക്ക് കൊണ്ടുപോയതായി സൈറ്റിന്റെ ചാർജ്ജുള്ള അസിസ്റ്റന്റ് എൻജിനീയർ 15-4-1997-ൽ മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) നടത്തിയിരുന്നു.

(എഫ്) അന്വേഷണ പ്രകാരം 4, 5, 6, പ്ലോട്ടുകളിൽ നിന്നും മണ്ണ് കൊണ്ടുപോയിട്ടില്ലായെന്നും മറ്റു ചില പ്ലോട്ടുകളിൽ നിന്നുമായി ഏകദേശം 600 ക്യൂബിക് മീറ്റർ മണ്ണ് കൊണ്ടു പോയതായും കണ്ടെത്തിയിട്ടുണ്ട്. ഇതിന് 23,400 രൂപ വില വരും.

(ജി) കോൺട്രാക്ട് തുക പൂർണ്ണമായും നൽകിയിട്ടില്ല. ഇതുവരെ 12,92,740 രൂപ നൽകിയിട്ടുണ്ട്.

(എച്ച്-ജെ) അനധികൃതമായി മണ്ണു നീക്കം ചെയ്തതിനുശേഷം കോൺട്രാക്ടർ ബില്ല് ഒന്നും നൽകിയിട്ടില്ല. അനധികൃതമായി നീക്കം ചെയ്ത മണ്ണിന്റെ വില അടുത്ത ബില്ലിൽ നിന്നും ഈടാക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2975, 2983 എന്നിവയുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly